**Athmaraksha.org**

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഞാൻ സ്റ്റാറല്ല, കർത്താവിന്റെ ദാസൻ മാത്രം



ചോദ്യോത്തരങ്ങൾ ഫ്രാൻസിസ് പാപ്പയ്ക്ക് പുത്തരിയല്ല. എന്നാൽ പതിനൊന്നു വ്യത്യസ്ത പത്രപ്രവർത്തകർ മാറിമാറി ചോദ്യം ചോദിച്ചാലോ? അതും സ്പാനിഷിലും ഇറ്റാലിയനിലും ഇംഗ്ലീഷിലും!

ഫിലദെൽഫിയയിൽ നിന്നും റോമിലേക്കുള്ള മടക്കയാത്ര അമേരിക്കൻ എയർലൈൻസിൽ. 47 മിനിറ്റ് നീണ്ടുനിന്ന ചോദ്യോത്തരങ്ങൾ. വിഷയങ്ങൾ പലതായിരുന്നു. വിവാഹമോചനം, ലൈംഗികാപവാദങ്ങൾ, അഭയാർത്ഥി പ്രശ്നം. സ്ത്രീപൗരോഹിത്യം, വരാനിരിക്കുന്ന കുടുംബസിനഡ് എന്നിങ്ങനെ പലതും. ടൈം മാഗസിന്റെ എലിസബത്ത് ഡയസ് ആദ്യചോദ്യം ചോദിച്ചു. അമേരിക്കൻ പര്യടനത്തിൽ പോപ്പിനെ അത്ഭുതപ്പെടുത്തിയ കാര്യമെന്തായിരുന്നു? അമേരിക്കൻ ജനതയുടെ സ്വീകരണം തന്നെ. ആതിഥേയത്വത്തിൽ പലരേയും ഇവർ തോൽപിച്ചുകളഞ്ഞു. പാപ്പ പറഞ്ഞു. പ്രകോപനങ്ങളില്ല, ഹൃദ്യമായ സ്വീകരണം.

റേഡിയോ ഫ്രാൻസിന്റെ പ്രതിനിധി മതിൽഡേ ഇംബർട്ടിയായിരുന്നു അവസാനം ചോദിച്ചത്. പരിശുദ്ധ പിതാവേ, അങ്ങ് യു.എസിൽ ഒരു സ്റ്റാറായി കഴിഞ്ഞിരിക്കുന്നു. പോപ്പ് സ്റ്റാറാകുന്നത് സഭയ്ക്ക് ഗുണം ചെയ്യുമോ? സത്യത്തിൽ ഈ ചോദ്യം പാപ്പയെ അത്ഭുതപ്പെടുത്തി. എങ്കിലും പാപ്പാ സന്തോഷത്തോടെ പ്രതികരിച്ചു. മാർപാപ്പാ എന്നാൽ, ദൈവത്തിന്റെ ദാസന്മാരുടെ ദാസനാണ്. സ്റ്റാർ എന്നതിൽ നിന്നും ഇതു വ്യത്യസ്തമാണ്. സ്റ്റാർ കാണാൻ ഭംഗിയുള്ളതാണ്. ആകാശത്തിലേക്ക് ഞാൻ നോക്കാറുണ്ട്, സ്റ്റാർ കാണുവാൻ. തെളിഞ്ഞ ആകാശത്തുള്ള സ്റ്റാർ അതു മിന്നിമറയും. നിലം പതിക്കും. കടന്നുപോകും. കർത്താവിന്റെ ദാസൻ ഒരിക്കലും അങ്ങനെയാവില്ല. മാധ്യമങ്ങൾ പല വിശേഷണങ്ങളും നൽകിയേക്കാം.